# പ്ലാച്ചിമടയുടെ രാഷ്ട്രീയം : ഒരു ആമുഖ ചിന്ത

**ജനകീയ സമരങ്ങളുടെ കാര്യത്തിൽ പുറമേക്ക് ശക്തമാണെന്ന് തോന്നുമെങ്കിലും കേരളത്തിനും പ്ലാച്ചിമട സമരപ്രവർത്തകർക്കും രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ആവശ്യമുണ്ട്. കേരളീയം പത്രാധിപരുമായുള്ള സംഭാഷണത്തിൽനിന്ന് തയ്യാറാക്കിയത് : മീഡിയാമേറ്റ്**

ഡോ. നിസാർ അഹമ്മദ്

പ്ലാച്ചിമട പ്രശ്നം എന്താണ്? പ്ലാച്ചിമടയിലെ ആളുകൾക്ക് ഒരു പ്രത്യേക സ്ഥിതിയിൽ ഉണ്ടായിട്ടുള്ള പ്രശ്നമാണ് പ്ലാച്ചിമട പ്രശ്നം. അത് എങ്ങിനെ പരിഹരിക്കും എന്നതാണ് അന്വേഷിക്കേണ്ടത്. അത് അവർക്ക് അറിവുണ്ടാകേണ്ടതാണ്. അതല്ല പ്ലാച്ചിമടയിൽ പരിസ്ഥിതിപരമായ പ്രശ്നങ്ങൾ ഉണ്ടാവുകയും അവിടത്തെ ആളുകൾക്ക് അത് ബാധിക്കുകയും അവർ അതിൽ പരാതിപ്പെടുകയും സമരം ചെയ്യുകയും അത് പരിഹരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു എന്നതാണോ പ്ലാച്ചിമട പ്രശ്നം? അതല്ല പ്ലാച്ചിമട സമരം ശക്തിയാർജ്ജിക്കുകയും പിന്നീട് പല ആശയക്കുഴപ്പങ്ങളിലും എത്തി ചേരുന്നതാണോ പ്രശ്നം? പ്ലാച്ചിമട പ്രശ്നം നിങ്ങൾ എങ്ങിനെ നിർവചിക്കുന്നു എന്നത് പ്രധാനമാണ്. പ്രശ്നബാധിതരായവർ പ്ലാച്ചിമട പ്രശ്നത്തെ കാണുന്നത് എങ്ങിനെയാണ് എന്നതാണ് പ്രധാനം. അവരുടെ കാഴ്ചപ്പാടിനെ ഉൾക്കൊള്ളുന്നതാണ് മറ്റുള്ളവരുടെ കാഴ്ചപ്പാട്. ഈയൊരവസ്ഥയിൽ ഇവരുടെ പ്രശ്നം പരിഹരിക്കാനാകുന്നില്ലല്ലോ എന്നതാണ് മറ്റുള്ളവരുടെ പ്രശ്നം. പ്രശ്നബാധിതരായവരെ ബാധിച്ചിട്ടുള്ള സ്ഥിതിവിശേഷത്തെ അവർക്ക് എന്തുകൊണ്ട് മറികടക്കാനാകുന്നില്ല എന്നതാണ് അപ്പോൾ ഇവിടെ പ്രശ്നം.

സമരപ്രവർത്തകരുടെയിടയിൽ നിന്നും സമരം പരിഹരിക്കുന്നതിന് ഉന്നയിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്? എന്ത് സംഭവിച്ചിലാണ് അവരുടെ ആവശ്യങ്ങൾ നിറവേറി എന്ന് അവർ അംഗീകരിക്കുന്നുണ്ടാവുക? ആര് എങ്ങിനെയാണ് ഇത് പ്രാവർത്തികമാക്കേണ്ടത്? സമരപ്രവർത്തകർ ഉന്നയിച്ച ആവശ്യങ്ങൾ നിറവേറ്റേണ്ടത് ഗവൺമെന്റാണോ? ഗവൺമെന്റാണ് പരിഹരിക്കേണ്ടതെന്ന് ഉറപ്പുണ്ടെങ്കിൽ ഗവൺമെന്റ് എന്തുകൊണ്ട് പരിഹരിക്കാൻ തയ്യാറാകുന്നില്ല എന്നറിഞ്ഞാൽ മതിയായ ഉത്തരമായി.



പ്ലാച്ചിമട സമരപന്തലിൽനിന്ന് ഫോട്ടോ : സി. ശരത്ചന്ദ്രൻ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള നടപടിയാണ് പ്ലാച്ചിമട പ്രശ്നത്തിന് പരിഹാരമെങ്കിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് നടപടിയെടുക്കാത്തത്? എല്ലാ പ്രശ്നങ്ങളും പരിഹാരമുള്ളതാണോ? ഗവൺമെന്റ് എന്ത് ചെയ്താലാണ് പരിഹാരമാകുന്നത്. പ്ലാച്ചിമടയിൽ നിന്ന് കോക്കകോളയെ പുറത്താക്കുകയെന്ന ആവശ്യം ഗവൺമെന്റിന് നേരിട്ട് ചെയ്യാനാകുമോ? നേരിട്ട് ചെയ്യാനാകില്ലെങ്കിൽ പരോക്ഷമായ നടപടികളിലൂടെ സാദ്ധ്യമാകുമോ - കോക്കകോള വിഷാംശമുള്ളതാണ് അതുകൊണ്ട് നിരോധിക്കുക എന്ന നടപടിയിലൂടെ. നഷ്ടപരിഹാരം എന്ന ആവശ്യം ഗവൺമെന്റാണോ നൽകേണ്ടത് എന്ന് പരിശോധിക്കണം. ഭൂജലത്തിന്റെ മേൽ പഞ്ചായത്തിനോ ഗ്രാമസഭകൾക്കോ ഉള്ള അധികാരം പെട്ടെന്ന് തീരുമാനമെടുക്കാനിടയില്ലാത്തതാണല്ലോ. അത് ആഗോളമായ അനന്തരഫലമുള്ളതായതുകൊണ്ട് ഒരു സ്ഥലത്ത് മാത്രം തീരുമാനിച്ചാൽ മതിയാകില്ലായിരിക്കും. അപ്പോൾ പ്ലാച്ചിമടയുടെ രാഷ്ട്രീയം എന്ന് പറയുമ്പോൾ ഈ

ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഗവൺമെന്റ് നടപടിയെടുക്കാതിരിക്കുന്നതിന്റെ രാഷ്ട്രീയമാണ് കണ്ടുപിടിക്കേണ്ടത്.

വികസനത്തിലൂന്നുന്ന ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കമ്പനി വരുന്നതും വികസനത്തിന്റെ ഭാഗമാണ്. ആ അർത്ഥത്തിൽ കോക്കകോള കമ്പനിയെ ക്ഷണിച്ചു വരുത്തിയ ഗവൺമെന്റിന് തന്നെ അവരോട് പോകാൻ പറയാൻ പറ്റില്ല. അതാണ് അതിന്റെ രാഷ്ട്രീയം. വികസനത്തോടുള്ള സമീപനം കൊണ്ട് ഗവൺമെന്റ് ഈ കമ്പനിയെ സംബന്ധിച്ച്, സ്വയം ദുർബലപെട്ടിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റിന് കമ്പനിയോട് പോകാൻ പറയാൻ പറ്റില്ല. വികസനത്തിന്റെ രാഷ്ട്രീയമാണിത്. വികസനത്തിന്റെ രാഷ്ട്രീയം ഒരു ഗവൺമെന്റിനെ ധാർമ്മികമായ ദുർബലതയുണ്ടാക്കുന്നു. ധാർമ്മികമായ ദുർബലതയെന്ന് വെച്ചാൽ തങ്ങൾക്ക് ശരിയെന്ന് തോന്നുന്ന ഒരു കാര്യം തങ്ങൾക്ക് ചെയ്യാൻ പറ്റാതെ വരുന്നു എന്നതാണ്. അതുകൊണ്ട് തങ്ങൾ ക്ഷണിച്ചുകൊണ്ടുവന്നവരോട് പോകാൻ പറയാൻ ഗവൺമെന്റിനാകുന്നില്ല. അതുകൊണ്ടാണ് വിഷാംശത്തിന്റെ പേര് പറഞ്ഞ് പുറത്താക്കാൻ നോക്കുന്നത്. മലിനീകരണമുണ്ടാക്കരുത് എന്ന് പറയാം. പക്ഷേ അപ്പോൾ കമ്പനി മലിനകരണ പ്ലാന്റ് മെച്ചപ്പെടുത്തി അവിടെ നില്ക്കാൻ നോക്കും.



വര : ജോർജ്ജ് ആർ.

**കോക്കകോള കമ്പനിയെ ക്ഷണിച്ചു വരുത്തിയ ഗവൺമെന്റിന് തന്നെ അവരോട് പോകാൻ പറയാൻ പറ്റില്ല. അതാണ് അതിന്റെ രാഷ്ട്രീയം. വികസനത്തോടുള്ള സമീപനം കൊണ്ട് ഗവൺമെന്റ് ഈ കമ്പനിയെ സംബന്ധിച്ച്, സ്വയം ദുർബല പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റിന് കമ്പനിയോട് പോകാൻ പറയാൻ പറ്റില്ല. വികസനത്തിന്റെ രാഷ്ട്രീയമാണിത്.**

5 വർഷമായിട്ടും പ്ലാച്ചിമട സമരത്തെ മാധ്യമങ്ങളിൽ കൂടി ലോകം അറിയുന്നത് കമ്പനി വെള്ളം ഊറ്റികുടിക്കുന്ന കാര്യമാണ്. ആളുകളെ ബാധിച്ച മറ്റ് പ്രശ്നങ്ങൾ ലോകം അറിയുന്നില്ല. അതുകൊണ്ട് നഷ്ടപരിഹാരത്തിന്റെ കാര്യം ആളുകളുടെ ശ്രദ്ധയിൽ വരുന്നേയില്ല. നഷ്ടപരിഹാരം കണക്കാക്കപ്പെടുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്. അത് സമരസമിതി ധാരണയുണ്ടാക്കിയിട്ടുണ്ടോ? സമരസമിതി ഇത് ചെയ്തിട്ടില്ലെങ്കിൽ തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് സമരപ്രവർത്തകർക്ക് വ്യക്തതയില്ലായ്മയാണ് കാണിക്കുന്നത്. പ്രശ്നബാധിതരായ ആളുകൾക്ക് ഇത് വ്യക്തതയില്ലായെന്നതല്ല പ്രധാനം. അവർക്ക് പിന്തുണ നൽകി സമരത്തെ ബുദ്ധിപരമായി സഹായിക്കുന്ന സമരപ്രവർത്തകർക്ക് വ്യക്തതയില്ലായെന്നതാണ് പ്രാധാന്യമുള്ള വിഴ്ചയാകുന്നത്.


പ്ലാച്ചിമട സമരം വിജയിക്കുക എന്നതിന്റെ അടിസ്ഥാനത്തിലല്ല പ്ലാച്ചിമട ഉന്നയിച്ച പ്രശ്നം പരിഹരിക്കപ്പെടുന്നുണ്ടോയെന്നത് നോക്കിയാകണം പ്ലാച്ചിമട സമരത്തെ വിലയിരുത്തേണ്ടത്. പ്ലാച്ചിമട സമരം പൂർണ്ണമായി വിജയിക്കുന്നത് 'മർക്കട മുഷ്ടി'യായി വ്യാഖ്യാനിക്കപ്പെടുന്നുണ്ടെങ്കിൽ സമരം ഉന്നയിക്കുന്ന ആവശ്യങ്ങൾ പുന:പരിശോധിക്കണം എന്നാകാം സൂചിപ്പിക്കുന്നത്. ക്ഷണിച്ചുകൊണ്ടുവന്ന കമ്പനി മാറ്റി സ്ഥാപിക്കുന്നതിന് കോക്കകോള കമ്പനി തന്നെ നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ട് എന്നത് ഈ മർക്കടമുഷ്ടിയിലെ എതിർസമീപനത്തെ ബലപ്പെടുത്തുന്നു. അതുകൊണ്ട് **പ്ലാച്ചിമട സമരം എങ്ങിനെ വിജയത്തിലെത്തിക്കാം എന്നതിന് പകരം ഉഭയകക്ഷികൾ കൂടിയിരുന്ന് രഞ്ജിപ്പിലെത്തുന്ന രീതിയിൽ എങ്ങിനെ പരിഹരിക്കാം എന്നാണ് നോക്കേണ്ടത്. കാരണം നിങ്ങൾ തിരഞ്ഞെടുത്ത ഗവൺമെന്റ് തന്നെയാണ് കമ്പനിയെ ഇവിടെ കൊണ്ടുവന്നത്. അതുകൊണ്ട് കമ്പനിയെ ക്ഷണിച്ചുവരുത്തുന്നതിൽ നമുക്കും ഉത്തരവാദിത്വമുണ്ട് എന്ന് വരും.** ഗവൺമെന്റും ജനങ്ങളുടെ വികസനത്തെ ബന്ധപ്പെടുത്തിയാണ് കമ്പനിയെ വരുത്തിയത്. ഇത് ജനങ്ങളെ നശിപ്പിക്കാൻ ഉദ്ദേശിച്ച് ചെയ്തതല്ലല്ലോ. ലോകത്തെല്ലായിടത്തും അംഗീകരിക്കുന്നതുപോലെ ലാഭമുണ്ടാക്കാനാണ് കമ്പനികൾ വ്യവസായങ്ങൾ നടത്തുന്നത്. അതുതന്നെയാണ് പ്ലാച്ചിമടയിലും സംഭവിച്ചത്. പിന്നെ അവർ നിരുത്തരവാദിത്വപരമായി മലിനീകരണമുണ്ടാക്കിയിട്ടുണ്ടാകും. അതിന് അവർ വില കൊടുക്കേണ്ടതുണ്ട്. ഗവൺമെന്റ് നിരുത്തരവാദപരമായാണ് കമ്പനിക്ക് അനുമതി കൊടുത്തത് എന്ന് കാണാം. അത് പക്ഷേ ഗവൺമെന്റിന്റെ അറിവില്ലായ്മ കൊണ്ടാണെന്ന് വയ്ക്കുക. ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർ പ്രശ്നബാധിതരായത് അവരുടെ കുറ്റം കൊണ്ടല്ല. ആ അർത്ഥത്തിൽ ബന്ധപ്പെട്ട ഈ മൂന്ന് കർത്താക്കളും അല്ലെങ്കിൽ കക്ഷികളും തമ്മിൽ ഒരു പരസ്പര ധാരണയുണ്ടാകണം. ബാധിക്കപ്പെട്ട ജനങ്ങളും കോക്കകോള കമ്പനിയും ഗവൺമെന്റും. ഈ കാര്യങ്ങൾ എല്ലാം അവതരി

പ്പിച്ചുകൊണ്ട് ഒത്തുതീർപ്പ് ഉണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. എന്നിട്ട് ഇത് പരിഹരിച്ചതായി തീരുമാനിക്കണം. അതല്ലെങ്കിൽ സമരാവശ്യങ്ങൾ അയഥാർത്ഥമാണെന്ന് പറഞ്ഞ് നീണ്ടുപോയി കൊണ്ടിരിക്കും.

അയഥാർത്ഥം എന്ന് ഇവിടെ പറഞ്ഞത് ഇല്ലാത്തത് എന്നർത്ഥത്തിലല്ല. അപ്രായോഗികം എന്നർത്ഥത്തിലാണ്. പലതരം കർത്താക്കളും ഓരോ കർത്താക്കൾക്കും വ്യത്യസ്തമായ ശക്തികളും പരിമിതികളും അടങ്ങിയിട്ടുള്ളതാണ് ഇവിടത്തെ സ്ഥിതിവിശേഷം. ഓരോരുത്തരും മുഴുവനായും അടിയറ പറയുന്നതിന് പകരം ഓരോരുത്തരും ഒത്തുതീർപ്പ് (compromise) ചെയ്യുകയാണ് വേണ്ടത്. സമരം നടത്തുന്നവർ ഇത് പരിഹരിക്കപ്പെടേണ്ടതില്ല എന്ന രീതിയിലായിരിക്കണം സമരം നടത്തുന്നത്. പ്രായോഗികമായി ഓരോ കക്ഷിയ്ക്കും എത്രത്തോളം ഒത്തുതീർപ്പ് ചെയ്യാനാകും എന്ന് പരിശോധിക്കണം. ബന്ധിതരായ ആളുകളിൽ നിന്ന് ഏറ്റവും കുറച്ച് ഒത്തുതീർപ്പ് ഉണ്ടാകുന്ന വിധത്തിൽ ജനമുന്നേറ്റമുണ്ടാകണം. ബാധിതരായ ജനങ്ങളുടെ ആനുകൂല്യങ്ങൾ ഏറ്റവും കുറച്ച് അടിയറവ് പറയേണ്ടിവരുന്ന സാഹചര്യമൊരുക്കുന്നതാകണം പ്ലാച്ചിമടയുടെ രാഷ്ട്രീയം. ഇത് ഉറപ്പുവരുത്തുന്ന വിധത്തിലാകണം സമരം മുന്നോട്ട് പോകേണ്ടത്. ഇതിന് പ്ലാച്ചിമട സമരത്തെ കൂടുതൽ വ്യാപകമായി പ്രചരണ പ്രക്രിയയിലൂടെ കൊണ്ടുപോകണം. ഇത് എങ്ങിനെ ചെയ്യും എന്നതാണ് അതിന്റെ രാഷ്ട്രീയം. ഇത് പൗരസമൂഹത്തിന്റെ രാഷ്ട്രീയമാണ്.

പ്ലാച്ചിമട സമരം പൗരസമൂഹത്തിലേക്ക് വന്നില്ല എന്നല്ല പറയുന്നത്. പക്ഷേ ഇപ്പോൾ അത് ഒരു പുകപോലെയാണ്. വേണ്ടത്ര വ്യക്തതയോടെ പ്ലാച്ചിമട സമരം പൗരസമൂഹത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടില്ല. വൈകാരികമായി പ്ലാച്ചിമട സമരം കുറെ പ്രചാരം നേടിയിട്ടുണ്ട്, നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ദീർഘകാലത്തിൽ സമരം തുടരേണ്ട ഒന്നാണ് പ്ലാച്ചിമട സമരം. പക്ഷേ ഇത് പ്ലാച്ചിമടക്കാരുടെ മേൽ ഭാരം ഏൽപിച്ചു കൊണ്ടാകരുത്. പരിസ്ഥിതി നാശങ്ങളുടേയും ബഹുരാഷ്ട്ര കുത്തകകളുടെ ചൂഷണത്തിന്റേയും മുഴുവൻ പരിഹാരവും പ്ലാച്ചിമട സമരത്തിന്റെ മേൽ ചുമത്താൻ വിടുന്നത് വലിയൊരു അനീതിയാണ്. അത് പൗരസമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. പ്ലാച്ചിമടയിൽ സംഭവിച്ചതിന് പ്ലാച്ചിമടവാസികൾ ഉത്തരവാദികളല്ലാത്തതുകൊണ്ട് അവരിൽ നിന്ന് ഏറ്റവും കുറഞ്ഞ വിട്ടുവീഴ്ചക്ക് ഇടനൽകികൊണ്ട് പ്രശ്നപരിഹാരം ഉറപ്പുവരുത്തുവാൻ സമൂഹം മുൻകൈ എടുക്കുകയും വേണം. പ്ലാച്ചിമടയിലുള്ളവർക്ക് ദീർഘകാലം വേണ്ടിവരുന്ന ഒരു സമരത്തിന്റെ ഭാരത്തിൽനിന്ന് വിടുതൽ നല്കുന്നതാകണം പൗരസമൂഹപ്രവർത്തനം. പൗരസമൂഹം മൊത്തമായി ഈ ഭാരം ഏറ്റെടുക്കണം. സമരം ആ രീതിയിൽ തുടരുന്നത് വ്യഥാവിലാകില്ല. പക്ഷേ സമരം അടിയന്തിരമായി പരിഹരിക്കപ്പെടാതെ പോകുന്നത് അനീതിയാണ്. ക്രൂരമായ വിനോദമാണ്.

പ്ലാച്ചിമട സമരത്തിന്റെ ഇത്തരമൊരു മുന്നോട്ട് പോക്കിന് ആദ്യം വേണ്ടത് വളരെ വ്യക്തമായി പ്രശ്നത്തിന്റെ വിവിധ വശങ്ങളുടെ ന്യായാന്യായങ്ങൾ, ഇത് ഏത് ബിന്ദുവിലേക്കാണ് കൺവെർജ് ചെയ്യപ്പെടുക, ആരൊക്കെയാണിതിൽ ഉൾപ്പെട്ടിരിക്കുന്നത് അടിയന്തിരമായി ചെയ്യാവുന്നത് എന്തൊക്കെയാണ്, ഗവൺമെന്റിന് അതിന്റെ മുഖം രക്ഷിച്ചുകൊണ്ട് ചെയ്യാവുന്നത് എന്തൊക്കെയാണ്, കോക്കകോള കമ്പനിക്ക് അവരുടെ വീഴ്ചകൾക്ക് പരമാവധി പിഴ നൽകുക, ജനങ്ങൾക്ക് അന്തസ് ഏറ്റവും കുറച്ച് നഷ്ടപ്പെടുത്തികൊണ്ട് പരിഹാരമെന്ത് എന്നെല്ലാം വിശദീകരിക്കുന്ന ഒരു രേഖ തയ്യാറാക്കലാണ്. ഈ രേഖയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾ എല്ലാവരും ഒത്ത്



വര : ജോർജ്ജ് ആർ.

**പരിസ്ഥിതി നാശങ്ങളുടേയും ബഹുരാഷ്ട്ര കുത്തകകളുടെ ചൂഷണത്തിന്റേയും മുഴുവൻ പരിഹാരവും പ്ലാച്ചിമട സമരത്തിന്റെ മേൽ ചുമത്താൻ വിടുന്നത് വലിയൊരു അനീതിയാണ്. അത് പൗരസമൂഹം ഏറ്റെടുക്കേണ്ടതുണ്ട്.**

ചേർന്ന് ചർച്ച ചെയ്യുക. ആദ്യചർച്ചകൾ പരാജയപ്പെട്ടാലും ചർച്ചകൾ തുടരുക. ഇതുകൊണ്ട് പരിഹരിക്കപ്പെടുന്നില്ലെങ്കിൽ വിപുലമായ പ്രചരണങ്ങൾ സംഘടിപ്പിക്കുക. രേഖക്ക് വ്യാപകമായി ചർച്ച ചെയ്യാൻ അവസരമുണ്ടാക്കുക, വിട്ടു വീഴ്ചകൾ ചെയ്യാൻ തയ്യാറായിട്ടും ഗവൺമെന്റ് നടപടിയെടുക്കുന്ന കോക്കകോള വഴങ്ങാനും തയ്യാറാകുന്നില്ലെങ്കിൽ സമരം ഓരോ പടിപടിയായി സിവിൽ സമൂഹം മുന്നോട്ടു കൊണ്ടുപോകുക.

സമരം ഇപ്രകാരം ഉയർത്തികൊണ്ടു വരുന്നതിൽ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് വലിയ ഉത്തരവാദിത്വമുണ്ട്. പ്ലാച്ചിമട സമരത്തെ പിൻതുണയ്ക്കാൻ കേരളത്തിലെ സിവിൽ സമൂഹം തയ്യാറായിട്ടുണ്ടോ എന്ന് ചോദിക്കുന്നതിന് മുൻപ് പ്ലാച്ചിമടസമരം ശരിയായ രീതിയിൽ കേരളത്തിലെ സിവിൽ സമൂത്തിന്റെ മുൻപിൽ അവതരിപ്പിച്ചിട്ടുണ്ടോ എന്നുകൂടി പരിശോധിക്കണം. ബന്ധപ്പെട്ട കക്ഷികൾക്ക് തീരുമാനമെടു

ക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ പ്ലാച്ചിമട പ്രശ്നം അവതരിപ്പിക്കപ്പെട്ടിട്ടുണ്ടോയെന്നാണ് നാം നോക്കേണ്ടത്.

ഏതൊരു പ്രശ്നത്തിലും അതിൽ ന്യായമുണ്ടോ അല്ലെങ്കിൽ ന്യായമില്ലല്ലോ എന്ന് തീരുമാനിക്കാൻ സഹായിക്കുംവിധം വിവരങ്ങൾ അതിനെക്കുറിച്ചുള്ള അവതരണത്തിൽ അടങ്ങിയിട്ടുണ്ടോയെന്നാണ് ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കേണ്ടത്. പ്ലാച്ചിമടയിൽ കോക്കകോള ചെയ്തതോ ഗവൺമെന്റ് ചെയ്തതോ ന്യായമല്ലായെന്ന് ഒരു പ്രത്യേകരീതിയിൽ സമരപ്രവർത്തകർക്ക് കാണിക്കാനാകുന്നില്ലെങ്കിൽ പ്രശ്നമാണ്. നിങ്ങൾ കാണിക്കുന്ന ന്യായം ന്യായമില്ലെന്ന് സമൂഹം കരുതുന്നില്ലെങ്കിൽ നിങ്ങൾക്ക് സമൂഹത്തിന്റെ പിന്തുണ നേടാനാകില്ല. അഭിപ്രായ രൂപീകരണത്തിൽ മുൻപന്തിയിൽ നിൽക്കുന്നവർ ആവിഷ്കരിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നതിലൂടെയാണ് സിവിൽ സമൂഹത്തിൽ സ്വാധീനമുണ്ടാക്കുന്നത്. ഇതിന് വിവരങ്ങളുടെയും വിശകലനങ്ങളുടെയും അവതരണത്തിന്റെയും മികവ് ആവശ്യമായിരിക്കും.

കോടതികൾ പലപ്പോഴും പക്ഷപാതിത്വപരമായിത്തീർന്നിരിക്കുന്നതിനാൽ കോടതികളെ വിശ്വസിക്കാനാകില്ല.

വികസനത്തെക്കുറിച്ച് കേരളത്തിൽ നിലനിൽക്കുന്ന പൊതു ബോധത്തിന്റെ ഭാഗമായാണ് കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ഗവൺമെന്റ് ക്ഷണിച്ചുകൊണ്ടുവരുന്നത്. അപ്പോൾ കമ്പനി പൂട്ടിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. പരിസ്ഥിതിവാദങ്ങൾ വികസന വിരുദ്ധമായി പ്രചരിപ്പിക്കപ്പെടും. വികസനത്തെപ്പറ്റി ഇടതുപക്ഷവും വലതുപക്ഷവും പുലർത്തുന്ന ധാരണകൾ ജനങ്ങളുടെ ബോധമായി ഇഴുകിച്ചേരുകയാണ്. കാരണം എല്ലാവരും വികസിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. അപ്പോൾ വലിയ കമ്പനികൾ വരിക, വലിയ പവർ പ്ലാന്റുകൾ വരുക, വലിയ ഹൈവേകൾ വരുക, ഐ.ടി. പാർക്കുകൾ വരുക - ജീവിതത്തെപ്പറ്റിയും വികസനത്തെപ്പറ്റിയും നമ്മൾ വ്യാഖ്യാനിക്കുന്നത് ഇങ്ങിനെയാണ്. അതുകൊണ്ട് ഒരു പ്രത്യേക ഇഷ്യുവിന്റെ പേരിൽ നാം ഇവയെ എതിർക്കുകയല്ല വേണ്ടത്. ഇതിനെ നാം ചോദ്യം ചെയ്യേണ്ടത് വേറൊരു നിലയിലാണ്. അത് ബദൽ ജീവിതരീതികൾ നിരന്തരം ആവിഷ്കരിച്ചുകൊണ്ടേ സാധ്യമാകൂ.

നിലവിലുള്ള വികസനബോധത്തിൽ പ്ലാച്ചിമട സമരം വികസനവിരുദ്ധ സമരമാണെന്ന് പറഞ്ഞാൽ പെട്ടെന്ന് അത് ആളുകളെ ആകർഷിക്കാനും നിലവിലുള്ള വികസന സങ്കല്പത്തിലേക്കും ആളുകളെ തിരിക്കാനുമാകും. അതുകൊണ്ട് പരിസ്ഥിതി സമരങ്ങളുടെ പ്രാധാന്യം ജനങ്ങളെ മനസ്സിലാക്കി കൊടുക്കാൻ കഴിയുകയാണ് വേണ്ടത്. ആഗോളമായി നോക്കിയാൽ പരിസ്ഥിതി സമരങ്ങൾ കൊണ്ട് പല കമ്പനികളും പൂട്ടേണ്ടി വന്നിട്ടുണ്ട്. അത് വികസനത്തിന്റെ പൂട്ടലല്ല. അത് ആ പരിസ്ഥിതി പ്രശ്നം കൊണ്ടുണ്ടായിട്ടുള്ള അനന്തരഫലങ്ങളെക്കുറിച്ച് ഇപ്പോഴുണ്ടാവുകയും ഇനിയുണ്ടാകാൻ പോകുന്നവയും ആയ സൂക്ഷ്മമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവതരിപ്പിച്ച് നേടിയെടുത്തതാണ്. അത്തരം ഒരു പരിസ്ഥിതിബോധം ജനങ്ങൾക്കിടയിൽ വ്യാപകമാകുന്നില്ല. കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് ഇത്തരം നേട്ടം ഇല്ല. അവ വളരെ ദുർബലമാണ്. സൈലന്റ്‌വാലി സംരക്ഷണ പ്രസ്ഥാനത്തിന്റെ വിജയം അംഗീകരിച്ചുകൊണ്ട് തന്നെയാണ് ഇത് പറയുന്നത്.

വികസനത്തിന്റെ കാഴ്ചപ്പാടിൽ തന്നെ പ്രശ്നങ്ങളുണ്ട് എന്ന് ജനങ്ങൾ അറിയേണ്ടത് പരിസ്ഥിതി ബോധത്തിലൂടെയാണ്.

എന്താണ് പ്ലാച്ചിമടയിലെ പ്രശ്നം, എന്ത് പരിഹരിച്ചാലാണ് സമരം ലക്ഷ്യം നേടിയതായി കരുതുക - ഇത്തരം കാര്യങ്ങളിലുള്ള വ്യക്തത, എന്ത് വിട്ടുവീഴ്ചയാണ് സമരപ്രവർത്തകർക്ക് സാധ്യമാകുക അത്തരമൊരു വിട്ടുവീഴ്ചക്ക് സമരപ്രവർത്തകർ തയ്യാറായിട്ടുണ്ടോ? നിഷ്പക്ഷനായ ഒരു മൂന്നാം കക്ഷി ഈ പക്ഷക്കാരുടെയിടയിൽ എന്തുകൊണ്ട് ഉയർന്നുവരുന്നില്ല? ഇത്തരമൊരു മൂന്നാം കക്ഷിയുടെ മുൻകൈ വരാത്തതിന്റെ രാഷ്ട്രീയമെന്താണ്? ഇതൊക്കെ ആലോചിക്കേണ്ടതുണ്ട്. ഇതൊക്കെ ചെയ്തുകഴിഞ്ഞിട്ടും ഫലം കാണാതെ വരുന്നെങ്കിൽ മാത്രമാണ് പൊതുസമൂഹത്തിലെ പരിസ്ഥിതിബോധത്തിന്റെ അപര്യാപ്തതകൾ കൊണ്ടാണ് സമരം പരിഹരിക്കപ്പെടാതിരിക്കുന്നത് എന്ന് തീരുമാനിക്കാനാവൂ. വികസനത്തെപ്പറ്റിയുള്ള ബോധം, വികസന പ്രക്രിയയിലെ പരിസ്ഥിതിയുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ള പൊതുവിജ്ഞാനം ഇല്ലായ്മ ജനങ്ങൾക്കിടയിൽ ഉണ്ടാകാം. ഇത് അമേരിക്കയിലും യൂറോപ്പിലും ഉണ്ടായിരുന്നു. പക്ഷേ ക്രമേണ ഇത് മാറ്റം വരുന്നു. ഇപ്പോൾ ജർമ്മനിയിലൊക്കെ ഗ്രീൻപാർട്ടി അധികാരത്തിൽ വരുന്നുണ്ട്. പല കമ്പനികളും വ്യവസായ മാലിന്യം സംസ്കരിക്കാൻ നിർബന്ധിതമായി. ഇവിടെ അതിന്റെ ആവശ്യം പൊതു സമൂഹം അറിഞ്ഞുവരുന്നേയുള്ളൂ. റേഡിയോ ആക്ടീവ് വസ്തുക്കളുള്ള മാലിന്യങ്ങൾ ഇന്ത്യയിൽ കൊണ്ടുവന്ന് നിക്ഷേപിക്കാൻ ബഹുരാഷ്ട്ര കുത്തകകൾക്ക് സാധിക്കുന്നത് ഈ പരിസ്ഥിതിബോധം ഇവിടെ ഇല്ലാത്തതുകൊണ്ടാണ്.

തത്വശാസ്ത്ര വിഭാഗം, ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി

**Peringandur Service Co-operative Bank Ltd.** No.297
HEAD OFFICE: **Athani**, Thrissur Dist
Tel : 0487 2200243, 2202793, 2204081, 04884 237485
BRANCHES: **Medical College & Parlikad**
**Neethi Medical Store**
Medical College Chest Hospital